പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 402 10. 03. 2015 ൽ മറുപടിക്ക്

## അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ്

ചോദ്യം ഉത്തരം

ശ്രീ. എം. ചന്ദ്രൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് അടുത്ത കാലത്ത് ഭീമമായി വർദ്ധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 14.08.2014- ലെ റെഗുലേറ്ററി കമ്മീഷനിലെ താരിഫ് പരിഷ്കരണ ഉത്തരവു പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഗുണഭോക്തൃ സമിതികളും, ജലധാരാ, ജലനിധി, സ്വജലധാര് കുടിവെള്ള പദ്ധതികൾക്കു കീഴിലുള്ള ജലവിതരണ സൊസൈറ്റികളും ഏറ്റെടുത്തു നടത്തുന്ന ഗാർഹിക കുടിവെള്ള പദ്ധതികളുടെ താരിഫ് LT-I ൽ നിന്ന് LT VI(E) – യിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) പല പദ്ധതികളും ബിൽ തുക അടക്കാതെ സ്തംഭനാവസ്ഥയിലായ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഉത്തരമേഖലയിൽ വടകര ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ, പേരാമ്പ്ര പഞ്ചായത്തിലുള്ള കുറ്റിക്കുന്നു കുടിവെള്ള പദ്ധതി, വൈദ്യുതി ചാർജ്ജ് ഒടുക്കാത്തതുമൂലം വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനാൽ സ്തംഭനാവസ്ഥയിലാണ്. |
| (സി) കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി ചാർജ്ജ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| (ഡി) ഇപ്പോൾ യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് ചാർജ്ജ് ചെയ്യുന്നതെന്ന് വിശദമാക്കുമോ? | (ഡി) കുടിവെള്ള പദ്ധതികൾക്കുള്ള നിലവിലുള്ള താരിഫ് താഴെ കൊടുത്തിരിക്കുന്നു. |

| പ്രതിമാസ ഫിക്സഡ് ചാർജ്ജ് | രൂപയിൽ | കുറിപ്പ് |
|---|---|---|
| i.സിംഗിൾ ഫേസ്<br>ii.ത്രീ ഫേസ് | 20<br>60 | വർദ്ധനവില്ല. നിലവിലുള്ള ഗാർഹിക താരിഫിനു തുല്യം |
| എനർജി ചാർജ് | | |
| പ്രതിമാസ ഉപഭോഗ സ്ലാബുകൾ | നിരക്ക്/യൂണിറ്റ് (പൈസയിൽ) | |
| i) 50 യൂണിറ്റ് വരെ | 280 | നിലവിലുള്ള ഗാർഹിക നിരക്കിനു തുല്യം |
| ii) 120 യൂണിറ്റ് വരെ | 380 | മുഴുവൻ യൂണിറ്റിനും ഒരേ നിരക്ക് |
| iii) 200 യൂണിറ്റ് വരെ | 450 | |
| iv) 200 യൂണിറ്റിനു മുകളിൽ | 630 | |

സെക്ഷൻ ഓഫീസർ